# കേരള ബജറ്റ് 2026–27: ധനകാര്യ വീണ്ടെടുപ്പിന്റെ ബജറ്റോ പുതിയ പാക്കേജിലുള്ള പഴയ ധനകാര്യ മാതൃകയോ?

**ഡോ. ജോസഫ് ഏബ്രഹാം**

## ആമുഖം

2026–27 സാമ്പത്തിക വർഷത്തേയ്ക്കുള്ള യു.ഡി.എഫ്. സർക്കാരിന്റെ ആദ്യ പരിഷ്കരിച്ച ബജറ്റ് കേരളത്തിന്റെ ധനകാര്യ ചരിത്രത്തിൽ പ്രത്യേക സ്ഥാനമാണ് കൈവരിക്കുന്നത്. ഇത് ഒരു സാധാരണ വാർഷിക ബജറ്റല്ല. രണ്ട് പ്രധാന സംഭവവികാസങ്ങൾക്കു ശേഷമാണ് ഇത് അവതരിപ്പിക്കപ്പെട്ടത്. ഒന്നാമതായി, മുൻ എൽ.ഡി.എഫ്. സർക്കാർ 2026–27 വർഷത്തേക്കുള്ള സമ്പൂർണ്ണ ഇടക്കാല ബജറ്റ് ഇതിനകം അവതരിപ്പിച്ചിരുന്നു. രണ്ടാമതായി, അധികാരത്തിലെത്തിയ ഉടൻ പുതിയ സർക്കാർ ഒരു ഫിസ്കൽ ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട് പുറത്തിറക്കി. സമീപകാലത്ത് കേരളത്തിന്റെ പൊതുധനകാര്യത്തെക്കുറിച്ച് ഏറ്റവും തുറന്നും സത്യസന്ധമായും രോഗനിർണയം നടത്തിയ രേഖയെന്ന നിലയിലാണ് ഈ റിപ്പോർട്ട് ശ്രദ്ധേയമാകുന്നത്.

അതിനാൽ, 2026–27 ബജറ്റിൽ പുതിയ പദ്ധതികളുണ്ടോ, അധിക വകയിരുത്തലുകളുണ്ടോ എന്നതല്ല കേന്ദ്ര ചോദ്യം. യഥാർത്ഥ ചോദ്യം ഇതാണ്: ഫിസ്കൽ ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട് കേരളത്തിലെ ബജറ്റ് രൂപീകരണത്തിന്റെ അടിസ്ഥാന ദർശനത്തെ മാറ്റിയിട്ടുണ്ടോ? കടബാധ്യതയെ ആശ്രയിച്ച ചെലവുമാതൃകയിൽ നിന്ന് ധനകാര്യ വീണ്ടെടുപ്പിന്റെ മാതൃകയിലേക്ക് സംസ്ഥാനം നീങ്ങിയിട്ടുണ്ടോ? അതോ മുൻ സമീപനത്തിന്റെ പരിഷ്കരിച്ച തുടർച്ച മാത്രമാണോ ഈ ബജറ്റ്?

## ഫിസ്കൽ ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട് ആവശ്യപ്പെട്ടത് എന്ത്?

കേരളത്തിന്റെ ധനകാര്യ ബുദ്ധിമുട്ടുകൾ താൽക്കാലികമായ കാഷ്ഫ്ലോ പ്രശ്നങ്ങൾ മാത്രമല്ലെന്നും, വർഷങ്ങളായി അടിഞ്ഞുകൂടിയ ഘടനാപരമായ ദൗർബല്യങ്ങളാണെന്നും ഫിസ്കൽ ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട് ചൂണ്ടിക്കാട്ടി. റിപ്പോർട്ട് അഞ്ച് പ്രധാന ആശങ്കകൾ അടിവരയിട്ടു.

- 5 ലക്ഷം കോടിയെ കടന്നുചെല്ലുന്ന പൊതു കടവും ബാധ്യതകളും.
- തുടർച്ചയായി നിലനിൽക്കുന്ന വരുമാനക്കമ്മി.
- ശമ്പളം, പെൻഷൻ, പലിശ അടവ് എന്നിവയുടെ വർധിച്ചുവരുന്ന ഭാരം.
- കടമെടുപ്പുകൾ, ഉൽപ്പാദനക്ഷമമായ ആസ്തിനിർമാണവുമായി മതിയായ രീതിയിൽ ബന്ധിപ്പിക്കപ്പെടാത്തത്.
- കുടിശ്ശികകൾ, ഓഫ്-ബജറ്റ് ബാധ്യതകൾ എന്നിവ സംബന്ധിച്ച പരസ്യതയുടെ കുറവ്.

ഇതിനാൽ, 2031 വരെ നീളുന്ന ഒരു ഫിസ്കൽ റിക്കവറി ഫ്രെയിംവർക്ക് - അഥവാ ധനകാര്യ വീണ്ടെടുപ്പ് ചട്ടക്കൂട്-അനിവാര്യമാണെന്നതാണ് റിപ്പോർട്ട് പരോക്ഷമായി ആവശ്യപ്പെട്ടത്.

## ബജറ്റ് 2026–27: ധനകാര്യ യാഥാർത്ഥ്യബോധത്തിന്റെ സൂചനകൾ

പരിഷ്കരിച്ച ബജറ്റ് മുൻകാല ബജറ്റുകളേക്കാൾ കൂടുതൽ ധനകാര്യ യാഥാർത്ഥ്യബോധം പ്രകടിപ്പിക്കുന്നുവെന്നത് സംശയമില്ല.

റവന്യു ഡെഫിസിറ്റ് ഗ്രാന്റ് നിർത്തലാക്കപ്പെട്ടതും കേന്ദ്ര സർക്കാരിൽ നിന്നുള്ള കൈമാറ്റങ്ങളുടെ വളർച്ച കുറഞ്ഞതും മൂലം കേരളത്തിന്റെ ധനകാര്യ ഇടം ചുരുങ്ങഇയിരിക്കുന്നുവെന്ന് സർക്കാർ തുറന്നു സമ്മതിക്കുന്നു. കൂടാതെ, മെച്ചപ്പെട്ട നികുതി സമാഹരണം, കിഫ്ബി പുന:സംഘടന, ഭൂമിനിയന്ത്രണ പരിഷ്കാരങ്ങൾ, സമുദ്രവികസന സംരംഭങ്ങൾ, തിരഞ്ഞെടുത്ത വളർച്ചാമുഖ നിക്ഷേപങ്ങൾ എന്നിവയും ബജറ്റ് മുന്നോട്ടു വെക്കുന്നു.

എങ്കിലും, സാധാരണ പൗരന് എളുപ്പത്തിൽ മനസ്സിലാകാത്ത ഒരു സാങ്കേതിക ബജറ്റ് ക്രമീകരണത്തിലാണ് ഈ യാഥാർത്ഥ്യബോധത്തിന്റെ ഏറ്റവും പ്രധാന സൂചന ഒളിഞ്ഞിരിക്കുന്നത്.

ആദ്യ ഇടക്കാല ബജറ്റിൽ സംസ്ഥാന പദ്ധതി അടങ്കൽ ₹35.750 കോടിയായി നിർദ്ദേശിക്കപ്പെട്ടിരുന്നു. പരിഷ്കരിച്ച ബജറ്റിൽ ഇത് ₹30.370 കോടിയായി കുറച്ചു. അതായത് ഏകദേശം ₹5,380 കോടിയുടെ കുറവ്. ഇതിനു പുറമെ, വരുമാന ചെലവ് തലങ്ങളിലും മൂലധന ചെലവ് തലങ്ങളിലും ഏകദേശം 12,028.68 കോടി രൂപയുടെ ചെലവുമാറ്റങ്ങളും നടപ്പാക്കി. ഈ മാറ്റങ്ങൾ ₹12,028.68 കോടി രൂപ അധികമായി ചെലവഴിച്ചുവെന്നർത്ഥമല്ല. മറിച്ച്, ഫിസ്കൽ ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട് ചൂണ്ടിക്കാട്ടിയ ധനകാര്യ യാഥാർത്ഥ്യങ്ങളോട് സർക്കാർ ചെലവുകൾ പൊരുത്തപ്പെടുത്തുന്നതിനായി ചെലവു മുൻഗണനകളുടെ വ്യാപകമായ പുന:ക്രമീകരണം, കുറവ് വരുത്തൽ, മാറ്റിവയ്ക്കൽ, പദ്ധതികളുടെ പുന:ക്രമീകരണം, വകുപ്പുതല പുനർവിന്യാസം എന്നിവ നടന്നുവെന്നതാണ് ഇതിന്റെ അർത്ഥം.

സാധാരണ പൗരന് മനസ്സിലാക്കാൻ, ഇത് ഒരു കുടുംബം തന്റെ വാർഷിക ചെലവു പദ്ധതി പുന;പരിശോധിക്കുന്നതുപോലെയാണ്. പ്രതീക്ഷിത്ത വരുമാനം ഗണ്യമായി കുറയുമെന്ന് തിരിച്ചറിഞ്ഞപ്പോൾ, പഴയ ചെലവ് വാഗ്ദാനങ്ങൾ അതേപടി തുടരാതെ, ലഭ്യമായ വരുമാനത്തിനു അനുസരിച്ച് ചെലവുകൾ പുന''ക്രമീകരിക്കുകയായിരുന്നു സർക്കാർ ചെയ്തത്. സാമ്പത്തികമായി നോക്കുമ്പോൾ, ഇത് ചെലവു വിപുരീകരണത്തിൽ നിന്ന് ചെലവു നിർവഹണത്തിലേക്കുള്ള മാറിമാറ്റമാണ്.

₹12,028.68 കോടി എന്ന സംഖ്യയിൽ തന്നെ അല്ല ഈ നടപടിയുടെ യഥാർത്ഥ പ്രാധാന്യം അത് നൽകുന്ന സന്ദേശത്തിലാണ് പ്രാധാന്യം. ഇടക്കാല ബജറ്റിന്റെ അടിസ്ഥാനത്തിലുള്ള ധനകാര്യ അനുമാനങ്ങൾ സംസ്ഥാനത്തിന്റെ യഥാർത്ഥ ധനശേഷിയേക്കാൾ കൂടുതൽ ആശാവഹമായിരുന്നുവെന്ന് ഇത് പരോക്ഷമായി സമ്മതിക്കുന്നു. ആ അർത്ഥത്തിൽ, ഫിസ്കൽ ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട് ബജറ്റ് തയ്യാറാക്കലിനെ സ്വാധീനിച്ചിട്ടുണ്ടെന്ന് പറയാം. കാരണം അത് ചെലവു വാഗ്ദാനങ്ങളുടെ പുനർ മൂല്യനിർണയത്തിന് സർക്കാരിനെ നിർബന്ധിതമാക്കിയിരിക്കുന്നു.

അതേ സമയം, ഇവിടെ ഒരു പ്രധാന പരസ്യതാ പ്രശ്നവും നിലനിൽക്കുന്നു. ₹12,028.68 കോടി രൂപയുടെ ചെലവുമാറ്റങ്ങളും ₹5,380 കോടി രൂപയുടെ പദ്ധതി അടങ്കൽ കുറവും സർക്കാർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും, ഏതു പദ്ധതികൾ, ഏതു പരിപാടികൾ, ഏതു ചെലവുതലങ്ങൾ എന്നിവയാണ് ചുരുക്കപ്പെട്ടത്, മാറ്റിവെക്കപ്പെട്ടത്, പുന:ക്രമീകരിക്കപ്പെട്ടത് എന്നതിനെക്കുറിച്ചുള്ള സമഗ്രമായ പദ്ധിത-വൈസ് വെളിപ്പെടുത്തൽ ബജറ്റ് രേഖകളിൽ ഇല്ല. അതിനാൽ, മൊത്തത്തിലുള്ള ധനകാര്യ തിരുത്തൽ പൊതുജനങ്ങൾക്ക് കാണാനാകുന്നു. എന്നാൽ ആ ക്രമീകരണത്തിന്റെ യഥാർത്ഥ ഭാരം ഏതു മേഖലകളിലേക്കാണ് പതിച്ചതെന്ന് പൂർണ്ണമായി മനസ്സിലാക്കാൻ കഴിയുന്നില്ല. ഇത് ഫിസ്കൽ ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട് ഊന്നിപ്പറഞ്ഞ പരസ്യതാ ലക്ഷ്യങ്ങളെ ഭാഗികമായി ദുർബലപ്പെടുത്തുന്നു. ധനകാര്യ യാഥാർത്ഥ്യബോധത്തിന് പൊതുജന വിശ്വാസ്യത

നേടണമെങ്കിൽ, ഭാവിയിലെ ബജറ്റ് രേഖകൾ ഏതൊക്കെ പദ്ധതികൾ മാറ്റിവച്ചുവെന്ന്, ഏതൊക്കെ വകയിരുത്തലുകൾ കുറച്ചുവെന്ന്, ഓരോ ഇടപെടലിലൂടെയും എത്ര ധനലാഭമാണ് പ്രതീക്ഷിക്കുന്നതെനന്ന് വ്യക്തമായി കാണിക്കണം.

**ഭാഗിക ധനകാര്യ യാഥാർത്ഥ്യബോധം**

ഫിസ്കൽ ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട് ഉയർത്തിയ ചില നിർ ദ്ദേശങ്ങളെ ബജറ്റ് പരിഗണിച്ചിട്ടുണ്ടെന്ന് സംശയമില്ല. വിഭവ പരമിതികളെ അത് അംഗീകരിക്കുന്നു; പദ്ധതി അടങ്കൽ കുറയ്ക്കുന്നു; മുൻഗണനകൾ പുനർവിന്യസിക്കുന്നു; വിദഗ്ധ സമിതിയിലൂടെ കിഫ്ബി പുന:സംഘടന നിർദ്ദദ്ദേശിക്കുന്നു; പുതിയ ഭൂമിനിയന്ത്രണ നയം പ്രഖ്യാപിക്കുന്നു; ക്ഷേമം, ആരോഗ്യരംഗം, സുസ്ഥിര അടിസ്ഥാന സൗകര്യങ്ങൾ എന്നിവയ്ക്കുള്ള പിന്തുണ തുടരുന്നു.

സമുദ്രാധിഷ്ഠിത അടിസ്ഥാനസൗകര്യങ്ങൾ, ലോജിസ്റ്റിക്സ് വികസനം, ഗതാഗത നവീകരണം, ജലസേചനവും പ്രളയനിയന്ത്രണവും, തീരസംരക്ഷണം, നവീകരണ സംരംഭങ്ങൾ. സാമ്പത്തിക ഇടനാഴി വിസനം തുടങ്ങിയ മേഖലകളിലൂടെ ദീർഘകാല വളർച്ചയെ പിന്തുണയ്ക്കാനും ബജറ്റ് ശ്രമിക്കുന്നു.

ഇവ നല്ല നടപടികളാണ്. എങ്കിലും, ഇവ സമഗ്ര ധനകാര്യ പരിഷ്കാരത്തെക്കാൾ ഭാഗിക ധനകാര്യ യാഥാർത്ഥ്യബോധത്തെയാണ് പ്രതിനിധീകരിക്കുന്നത്.

**ബജറ്റ് ഇപ്പോഴും എവിടെയാണ് പിന്നിൽ നിൽക്കുന്നത്?**

ഈ അനുകൂല സൂചനകൾ ഉണ്ടായിട്ടും ഫിസ്കൽ ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട്നെ സമഗ്രമായ ധനകാര്യ തിരുത്തൽ തന്ത്രമായി മാറ്റുന്നതിൽ ബജറ്റ് പൂർണ്ണമായി വിജയിച്ചിട്ടില്ല.

ബജറ്റ് രോഗം തിരിച്ചറിയുന്നു; എന്നാൽ പൂർണ്ണമായ ചികിത്സാപദ്ധതി നിർദ്ദേശിക്കുന്നില്ല.

2031 ഓടെ ഡെബ്റ്റ്-ജി.എസ്.ഡി.പി. അനുപാതം 30–32 ശതമാനം പരിധിയിലേക്ക് കുറയ്ക്കുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് ഇല്ല.

ശുദ്ധ കടമെടുപ്പുകളുടെ ഒരു നിർദ്ദിഷ്ട കുറഞ്ഞ വിഹിതം ഉൾപ്പാദനക്ഷമമായ മൂലധന നിർമ്മാണത്തിനായി മാത്രം മാറ്റിവെക്കുമെന്ന പ്രതിബദ്ധതയും ഇല്ല.

വരുമാനലഭ്യതയോടുള്ള കമ്മിറ്റഡ് എക്സ്പെൻഡിച്ചർ വിഹിതം 55 ശതമാനത്തിന് താഴെയാക്കാനുള്ള ഘട്ടം ഘട്ടമായ പരിപാടിയും വ്യക്തമല്ല.

കോൺട്രാക്ടർമാർ, തദ്ദേശ സ്ഥാപനങ്ങൾ, ക്ഷേമബാധ്യതകൾ എന്നിവയുമായി ബന്ധപ്പെട്ട കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള സമഗ്ര കലണ്ടറും തുകയും ബജറ്റിൽ ഇല്ല.

തൽഫലമായി, ധനകാര്യ തിരുത്തൽ ഒരു പ്രഖ്യാപിത ലക്ഷ്യമായി തുടരുന്നു; പ്രവർത്തന പരമായ പരിപാടിയായി മാറുന്നില്ല.

**"പഴയ കുപ്പിയിലുള്ള പുതിയ വീഞ്ഞ്"-ഈ വിമർശനം നിലനിൽക്കുന്നതെന്തുകൊണ്ട്?**

പുതിയ ആശയങ്ങൾ അവതരിപ്പിക്കപ്പെടുമ്പോഴും നിലവിലുള്ള പ്രവൃത്തിപദ്ധതികൾ അടിസ്ഥാനപരമായി മാറ്റമില്ലാതെ തുടരുമ്പോഴാണ് ''പഴയ കുപ്പിയിലുള്ള പുതിയ വീഞ്ഞ്'' എന്ന പ്രയോഗം സാധാരണ ഉപയോഗിക്കുന്നത്.

ഫിസ്കൽ ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട് സംശയമില്ലാതെ പുതിയ ചിന്തയെ പ്രതിനിധീകരിക്കുന്നു. കടബാധ്യതാ സമ്മർദ്ദം, ചെലവിന്റെ കാഠിന്യം, കുടിശ്ശികകൾ, ഓഫ്-ബജറ്റ് ബാധ്യതകൾ, ഘടനാപരമായ ദൗർബല്യങ്ങൾ എന്നിവയെ അത് തുറന്നുപറയു

ന്നു. അളക്കാവുന്ന തിരുത്തലും സ്ഥാപനപരമായ ഉത്തരവാദിത്വവും അത് ആവശ്യപ്പെടുന്നു.

എന്നാൽ,ബജറ്റ് പ്രധാനമായും കേരളത്തിന്റെ പരമ്പരാഗത ധനകാര്യ മാതൃക തുടരുകയാണ്:-

- ക്ഷേമ വാഗ്ദാനങ്ങൾ നിലനിൽക്കുന്നു
- അടിസ്ഥാനസൗകര്യ ആഗ്രഹങ്ങൾ ഉയർന്ന നിലയിൽ തുടരുന്നു
- കടമെടുപ്പ് പ്രധാന ധനസമാഹരണ ഉപകരണമായി തുടരുന്നു
- ഭരണച്ചെലവിന്റെ ഘടനകൾ വലിയ മാറ്റമില്ലാതെ തുടരുന്നു
- കമ്മിറ്റഡ് എക്സ്പെൻഡിച്ചറിന്റെ വലിയ പുന:സംഘടന ആരംഭിച്ചിട്ടില്ല.

അതായത്, രോഗനിർണയത്തിൽ ഉണ്ടായ മാറ്റം ചികിത്സയിൽ ഉണ്ടായ മാറ്റത്തേക്കാൾ കൂടുതൽ ഗൗരവമുള്ളതാണ്.

ബജറ്റ് ധനകാര്യ ഉത്തരവാദിത്വത്തിന്റെ പുതിയ ഭാഷ സംസാരിക്കുന്നു. എന്നാൽ അതിന്റെ അടിസ്ഥാനം ആയ ധനകാര്യ ഘടന സമീപ കാലങ്ങളിൽ പിന്തുടർന്നതുമായി എറെ സാമ്യമുള്ളതാണ്. അതിനാൽ, ഈ ബജറ്റ് "പഴയ കുപ്പിയിലുള്ള പുതിയ വീഞ്ഞ്" എന്ന വിമർശനം പൂർണ്ണമായി തള്ളിക്കളയാനാവില്ല. ഇത് മുൻ മാതൃകയുടെ പൂർണ്ണമായ തുടർച്ചയുമല്ല; അതേ സമയം അതിൽ നിന്നുള്ള നിർണ്ണായകമായ വേർപാടുമില്ല.

**കാണാതായ കണ്ണി: ധനവകുപ്പിന്റെ പരിഷ്കാരം**

ഫിസ്കൽ ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട് നൽകുന്ന ഏറ്റവും പ്രധാനപ്പെട്ട പാഠം ചെലവിനെക്കുറിച്ച് മാത്രമല്ല അത് ധനവകുപ്പിന്റെ സ്ഥാപന ശേഷിയെക്കുറിച്ചുമാണ്.

ധനവകുപ്പ് ഒരു ട്രഷറി-മാനേജ്മെന്റ് സ്ഥാപനത്തിൽ നിന്ന് ആധുനിക ഫിസ്കൽ മാനേജ്മെന്റ് സ്ഥാപനമായി മാറണം.

ഇവിടെ അഞ്ച് പരിഷ്കാരങ്ങൾ പ്രത്യേകമായി പ്രധാനമാണ്

1. **ഫിസ്കൽ റികവറി & മോനിറ്ററിംഗ് സെൽ സ്ഥാപിക്കണം**
   കടം, കമ്മി, കുടിശ്ശികകൾ, ഗ്യാരണ്ടികൾ, കണ്ടിൻജന്റ് ലയബിലിറ്റീസ് എന്നിവ തുടർച്ചയായി നിരീക്ഷിക്കുകയും ത്രൈമാസ ഫിസ്കൽ ഹെൽത്ത് റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്യുന്ന പ്രത്യേക യൂണിറ്റ് രൂപീകരിക്കണം.
2. **ഔട്ട്കം-ബെസിഡ് ബഡ്ജറ്റിംഗ് നടപ്പാക്കുക**
   വകുപ്പുകളെ ചെലവഴിച്ച പണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വിലയിരുത്തരുത്. കൈവരിച്ച അളക്കാവുന്ന ഫലങ്ങളുടെ അടിസ്ഥാനത്തിലാണ് വിലയിരുത്തേണ്ടത്. ഓരോ പ്രധാന ചെലവു പദ്ധതിയും പ്രകടന സൂചികകളുമായി ബന്ധിപ്പിക്കണം.
3. **പ്രൊഫഷണൽ പബ്ലിക് ഡെബ്റ്റ് മാനേജ്മെന്റ് ഫ്രെയിംവർക്ക് രൂപീകരിക്കുക**
   കടമെടുപ്പുകൾ വ്യക്തമായി തിരിച്ചറിയാവുന്ന ഉൾപ്പാദനക്ഷമ ആസ്തികളുമായും ഭാവിയിലെ വരുമാന ധാരകളുമായും ബന്ധിപ്പിക്കണം. കടനിർവഹണം വാർഷിക ബജറ്റ് വ്യായാമമെന്ന നിലയിൽ അല്ല, പ്രത്യേകിച്ചുള്ള പ്രൊഫഷണൽ പ്രവർത്തനമായി മാറണം.
4. **ധനകാര്യ പരസ്യത ശക്തിപ്പെടുത്തുക**
   കുടിശ്ശികകൾ, സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ബാധ്യതകൾ, ഗ്യാരണ്ടികൾ, ഡെ ഫേർഡ് പേമെന്റ്സ്, ഓഫ് ബജറ്റ് ഒബ്ലിഗേഷൻസ് എന്നിവയുടെ ത്രൈമാസ വെളിപ്പെടുത്തൽ നിർബന്ധമാക്കണം.

5. **കാലാനുസൃത എക്സ്പെൻഡിച്ചർ റിവ്യൂസ് നടപ്പാക്കുക**

പാഴ് ചിലവുകൾ ആവർത്തനം, കുറഞ്ഞ മുൻഗണനയുള്ള ചെലവുകൾ എന്നിവ തിരിച്ചറിയുന്നതിനായി ഓരോ വകുപ്പും നിശ്ചിത ഇടവേളകളിൽ ചെലവു കാര്യക്ഷമതാ ഓഡിറ്റിന് വിധേയമാക്കണം.

ഇത്തരത്തിലുള്ള സ്ഥാപന പരിഷ്കാരങ്ങൾ ഇല്ലെങ്കിൽ, നല്ല രീതിയിൽ രൂപകൽപ്പന ചെയ്ത ബജറ്റുകൾക്കും ദീർഘകാല ധനകാര്യ സുസ്ഥിരത ഉറപ്പാക്കാൻ കഴിയില്ല.

**<u>ഉപസംഹാരം</u>**

മുൻകാല ബജറ്റുകളുമായി താരതമ്യം ചെയ്യുമ്പോൾ, ബജറ്റ് 2026-27 ധനകാര്യ യാഥാർത്ഥ്യബോധത്തിൽ ശ്രദ്ധേയമായ പുരോഗതിയെ പ്രതിനിധീകരിക്കുന്നു. പദ്ധതി അടങ്കൽ കുറച്ചതും ചെലവു പരിഷ്കാരങ്ങളും സംസ്ഥാനത്തിന്റെ ധനശേഷിയുടെ പരിധികളെ സർക്കാർ തിരിച്ചറിയാൻ ആരംഭിച്ചുവെന്നതിന് തെളിവാണ്. ഫിസ്കൽ ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ട് ചൂണ്ടിക്കാട്ടിയ നിരവധി ആശങ്കകളും ബജറ്റ് അംഗീകരിക്കുന്നു.

എങ്കിലും, റിപ്പോർട്ടിലെ രോഗനിർണ്ണയം ഒരു സമഗ്ര ധനകാര്യ വീണ്ടെടുപ്പ് പരിപാടിയായി മാറ്റുന്നതിൽ ബജറ്റ് പൂർണ്ണമായി വിജയിച്ചിട്ടില്ല.

ഫിസ്കൽ ഹെൽത്ത് സ്റ്റാറ്റസ് റിപ്പോർട്ടിനെ കേരളത്തിന്റെ ധനകാര്യ രോഗാവവസ്ഥയുടെ ആദ്യ സമഗ്ര രോഗനിർണയമായി വിശേഷിപ്പിക്കാം. എന്നാൽ 2026-27 ബജറ്റ് ചികിത്സയുടെ ആദ്യഘട്ടം മാത്രമാണ്. കടം കുറയ്ക്കൽ, കമ്മി നിയന്ത്രണം, ചെലവു പുന:സംഘടന, കടമെടുപ്പ് നിയന്ത്രണം, കുടിശ്ശിക നിയന്ത്രണം, എന്നിവയ്ക്കായി വാർഷിക ലക്ഷ്യങ്ങളോടുകൂടിയ, 2031 വരെ നീളുന്ന വ്യക്തമായ ഫിസ്കൽ റികവറി ഫ്രെയിംവർക്ക് സംസ്ഥാനത്തിന് ഇപ്പോഴും ഇല്ല.

അതിനാൽ, ഏറ്റവും സമതുലിതമായ വിലയിരുത്തൽ ഇതാണ്: ബജറ്റ് 2026-27 ഭദ്ധഃകാലത്തിൽ നിന്നുള്ള പൂർണ്ണമായ വേർപാടുമല്ല: അതേ സമയം അതിന്റെ ലളിയമായ തുടർച്ചയുമല്ല. ഇത് ഒരു പരിവർത്തന ബജറ്റാണ്. ഇത് ധനകാര്യ വീണ്ടെടുപ്പിന്റെ തുടക്കമാകുമോ, അല്ലെങ്കിൽ കേരളത്തിന്റെ കടമെടുപ്പ് അധിഷ്ഠിത ധനകാര്യ മാതൃകയിലെ മറ്റൊരു അധ്യായമാകുമോ എന്നത് 2026 ജൂണിലെ പ്രഖ്യാപനങ്ങളല്ല തീരുമാനിക്കുക. അടുത്ത അഞ്ച് വർഷങ്ങളിൽ നടപ്പാക്കപ്പെടുന്ന ധനകാര്യ അച്ചടക്കം, പരസ്യത, ഭരണ പരിഷ്കാരങ്ങൾ, സ്ഥാപനപരമായ മാറ്റങ്ങൾ എന്നിവയാണ് അതിന്റെ യഥാർത്ഥ വിധി നിർണ്ണയിക്കുക.